പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1236
03/10/2016-ലെ മറുപടിക്ക്

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

| ചോദ്യം: | മറുപടി: |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ**<br>**ബഹു. മുഖ്യമന്ത്രി** |
| എ) സർക്കാർ വാഹനങ്ങളുടെ വ്യാപകമായ ദുരുപയോഗം നിയന്ത്രിക്കാനുള്ള നടപടി ഫലപ്രദമാകുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | വ്യാപകമായ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ, ഇത് നിയന്ത്രിക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ പോകുന്നത് എന്നു വിശദമാക്കാമോ ? | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 24/2/2003 ലെ ജി.ഒ(എം.എസ്) നം.113/2003/ധന എന്ന സർക്കാർ ഉത്തരവ് പ്രകാരവും 2/8/2008 ലെ 41/2008/ധന നമ്പർ സർക്കുലർ പ്രകാരവും കർശന നടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ വിഭാഗം വാഹന പരിശോധന നടത്താറുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ